(ബി) സർക്കാർ തലത്തിൽ തിരുവനന്തപുരം ജില്ലയിൽ ടെക്നോപാർക്ക്, എറണാകുളം ജില്ലയിൽ കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് ജില്ലയിൽ സൈബർ പാർക്ക് എന്നീ മൂന്ന് ഐ.ടി. പാർക്കുകളാണ് നിലവിലുള്ളത്. കൂടാതെ ഈ പാർക്കുകളെ അടിസ്ഥാനപ്പെടുത്തി HUB & Spoke മാതൃകയിൽ ഐ.ടി. പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ രീതിയിൽ കൊല്ലം ജില്ലയിലെ കണ്ടച്ചിറയിൽ കൊല്ലം ടെക്നോപാർക്കും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും എറണാകുളം ജില്ലയിലെ കളമശ്ശേരിലും കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും ഓരോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യമേഖലയിൽ ലീല ഇൻഫോപാർക്ക് (തിരുവനന്തപുരം), കാർണിവൽ പാർക്ക്, ലുലു സൈബർപാർക്ക്, മുത്തൂറ്റ് ടെക്നോ പോളിസ്, മിന്നി മുത്തൂറ്റ് ടെക് ടവേർസ്, ടാൻസ് ഏഷ്യ, ബ്രിഗേഡ് ഐ.ടി. പാർക്ക് (കൊച്ചി), യു.എൽ. സൈബർ പാർക്ക് (കോഴിക്കോട്) തുടങ്ങി നിരവധി സ്വകാര്യ ഐ.ടി. പാർക്കുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൊച്ചിയിലെ സ്മാർട്ട് സിറ്റി 2015 നവംബറിൽ പ്രവർത്തനം തുടങ്ങും.

(സി) കോട്ടയം ജില്ലയിലെ വലവൂരിലും മലപ്പുറം ജില്ലയിലെ അരീക്കോടും ഐ.ടി. പാർക്കിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും ഓരോ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ആകെ 72688 പേർ പ്രത്യക്ഷമായി ജോലി ചെയ്യുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം

149 (4731) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതു പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭവിഹിതം സർക്കാരിന് നൽകിയിട്ടുള്ളത് ; ഓരോ സാമ്പത്തിക വർഷവും തരംതിരിച്ച് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിന് നൽകിയ ലാഭവിഹിതം ചുവടെ ചേർക്കുന്നു :

(രൂപ ലക്ഷത്തിൽ)

Sl. No	Company	Dividend for 2011-12	Dividend for 2012-13	Dividend for 2013-14
1	The Kerala Minerals and Metals Ltd.	2319.95	773.32	618.65
2	Malabar Cements Ltd.	598.20	598.20	157.25
3	Transformers and Electricals Kerala Ltd.	199.27	....	....
4	Kerala State Industrial Development Corporation Ltd.	175.00	175.00	175.00
5	Steel and Industrial Forgings	47.78	11.94	Nil
6	Kerala State Industrial Enterprises Ltd.	42.00	45.00	5.00
7	Kerala Clays & Ceramic Products Ltd.	22.41	22.41	22.41
	Total	3404.61	1625.87	978.31

2014-15 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റ് പൂർത്തിയായതിനു ശേഷമേ സ്ഥാപനങ്ങൾ ലാഭവിഹിതം പ്രഖ്യാപിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly